**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്ന് തിരികെ എടുത്ത **2570.51** ലക്ഷം രൂപയിൽ നിന്ന് **392** ലക്ഷം രൂപ **2217-05-192-70** എന്ന ശീർഷകത്തിൽ നടപ്പുവർഷം**(2018-2019)** മുനിസിപ്പാലിറ്റികൾക്കായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2466/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി 22.09.2018

പരാമർശം :-1) 17.06.2016 ലെ സ. ഉ(സാധാ)നം. 1936/2016/തസ്വഭവ നമ്പർ ഉത്തരവ്
2) 02.02.2017 ലെ സ. ഉ(സാധാ)നം. 323/2017/തസ്വഭവ നമ്പർ ഉത്തരവ്
3) 28.03.2018 ലെ സ. ഉ(സാധാ)നം. 51/2018/ധന നമ്പർ ഉത്തരവ്
4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.05.2018 ലെ 3236/B1/2017/SM നമ്പർ കത്ത്
5) 3/07/2018 ലെ ജി.ഒ (പി)നം. 100/2018/ ധന നമ്പർ ഉത്തരവ്
6) 30.07.2018 ലെ സ. ഉ(സാധാ)നം. 2087/2018/തസ്വഭവ നമ്പർ ഉത്തരവ്
7) 17.08.2018 ലെ സ. ഉ(സാധാ)നം.7001/2018/ ധന നമ്പർ ഉത്തരവ്

**ഉത്തരവ്**

2016-2017 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് 2498 ലക്ഷം രൂപ പരാമർശം (1 ) പ്രകാരവും, ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി ഐ.ഇ.സി ഘടകത്തിൽ 12.60 കോടി രൂപ പരാമർശം (2) പ്രകാരവും അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ഭാഗമായി 2018-2019 സാമ്പത്തിക വർഷം കോർപറേഷനുകൾക്കു അനുവദിച്ചു നൽകുന്നതിന് 2217-05-191-71 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2163 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചു നൽകുന്നതിന് 2217-05-192-70 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 5045 ലക്ഷം രൂപയും ചേർത്ത് ആകെ 72.08 കോടി രൂപയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (1) പ്രകാരം അനുവദിച്ച് നൽകിയ 2498 ലക്ഷം രൂപയിൽ നിന്നും നഗരസഭകൾ സമർപ്പിച്ച ഗാർഹിക ശൗചാലയ നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക കഴിച്ച് ബാക്കിയുണ്ടായിരുന്ന 2383.28 ലക്ഷം രൂപയും പരാമർശം (2) പ്രകാരം ഐ.ഇ.സി ഘടകത്തിൽ അനുവദിച്ച് നൽകിയ 12.60 കോടി രൂപയിൽ നിന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചിലവഴിച്ച ശേഷം ബാക്കിയുണ്ടായിരുന്ന 187.23 ലക്ഷം രൂപയും ഉൾപ്പടെ ശുചിത്വ മിഷന്റെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 2570.51 ലക്ഷം രൂപ പരാമർശം (3) പ്രകാരം തിരികെ എടുത്തിരുന്നു. ഇതിനെ തുടർന്ന് പൊതു

ശൗചാലയ നിർമ്മാണം, ഖരമാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങിയവയ്ക്ക് അനുവദിച്ച തുക നഗരസഭകൾക്ക് കൈമാറുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ശുചിത്വ മിഷനിൽ നിന്നും തിരികെ എടുത്തിട്ടുള്ള 2570.51 ലക്ഷം രൂപ ശുചിത്വ മിഷന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ചു നൽകിയ ശേഷം പരാമർശം (3) പ്രകാരം തിരികെ എടുത്തിട്ടുള്ള 2570.51 ലക്ഷം രൂപയിൽ നിന്നും അടിയന്തരമായി നഗരസഭകൾക്ക് അനുവദിക്കേണ്ട 392 ലക്ഷം രൂപ, നടപ്പുസാമ്പത്തിക വർഷം (2018-2019) മുനിസിപ്പാലിറ്റികൾക്കായി നീക്കിവച്ചിട്ടുള്ള 2217-05-192-70 എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ (Dev. Wing) വകുപ്പ് (U.O.(R).No.871526/Dev.-2/166/2018-Fin dated 9/8/2018.)
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ